No. CEE/3600/KEAM-2021/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2021 കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2021 വർഷത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുകയും നീറ്റ് (യുജി) 2021 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിശ്ചിത സമയത്തിനകം സമർപ്പിക്കുകയും ചെയ്ത വിദ്യാർത്ഥികളിൽ വിവിധ കാറ്റഗറി/കമ്മ്യൂണിറ്റി സംവരണത്തിന് അർഹരായവരുടെ ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. നിശ്ചിത തീയതിക്കകം കാറ്റഗറി/കമ്മ്യൂണിറ്റി സംവരണം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചവരെ ഉൾപ്പെടുത്തിയാണ് കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ഭിന്നശേഷി വിഭാഗക്കാർക്കുള്ള കാറ്റഗറി ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

വിദ്യാർത്ഥികൾക്ക് **'KEAM 2021- Candidate Portal'** ൽ ലഭ്യമായ **'category list'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കാറ്റഗറി ലിസ്റ്റ് കാണാവുന്നതാണ്.

കാറ്റഗറി പട്ടിക സംബന്ധിച്ച് സാധുവായ പരാതി ഉള്ള വിദ്യാർത്ഥികൾ കീം ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ–മെയിൽ **(ceekinfo.cee@kerala.gov.in)** മുഖേന പ്രസ്തുത പരാതികൾ 23.12.2021, രാവിലെ 10.00 മണിക്കകം അറിയിക്കേണ്ടതാണ്. പരാതിയോടൊപ്പം സർട്ടിഫിക്കറ്റുകളോ അനുബന്ധരേഖകളോ ഇ–മെയിൽ മുഖേന അയയ്ക്കാൻ പാടുള്ളതല്ല. യാതൊരു കാരണവശാലും പുതുതായി ആനുകൂല്യങ്ങൾ സംബന്ധിച്ച അപേക്ഷകൾ ഈ ഘട്ടത്തിൽ സ്വീകരിക്കുന്നതല്ല. പരാതികൾ ഉള്ള പക്ഷം അവ പരിഹരിച്ചശേഷമുള്ള അന്തിമ കാറ്റഗറി ലിസ്റ്റ് 24.12.2021 ന് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300**

തിരുവനന്തപുരം
20.12.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**